ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/10546/2025-C1 (ACA)** തീയതി: **28-12-2025**

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് - നവകേരളം - സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം - വികസനക്ഷേമ പഠനപരിപാടി സംഘടിപ്പിക്കുന്നത് - സംബന്ധിച്ച് .

സൂചന :- **24/10/2025** തീയതിയിലെ ഉന്നതവിദ്യാഭ്യാസ (കെ) വകുപ്പിൽ നിന്നുള്ള കെ**1/233/2025**ഉ.വി.വ നമ്പർ കത്ത്.

സംസ്ഥാനത്ത് സാമൂഹിക സന്നദ്ധസേന അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്തി **2026** ജനുവരി **1** മുതൽ **2026** ഫെബ്രുവരി **28** വരെ നവകേരളം - സിറ്റിസൺ റെസ്പോൺസ് പ്രോഗ്രാം - വികസനക്ഷേമ പഠനപരിപാടി സംഘടിപ്പിക്കുവാൻ സർക്കാർ തീരുമാനമായിട്ടുണ്ട് എന്നും, വികസന നിർദ്ദേശങ്ങളും ആശയങ്ങളും ലഭ്യമാക്കുവാനും ക്ഷേമപദ്ധതികൾ സംബന്ധിച്ച അഭിപ്രായം ആരായുവാനും, പ്രാദേശികമായി വികസന ആവശ്യങ്ങൾ മനസ്സിലാക്കി ആസൂത്രണം നടത്തുവാനും അഭിപ്രായം സമാഹരിക്കുവാനും ഉദ്ദേശിച്ചുള്ളതാണ് ടി പ്രോഗ്രാം.

പ്രസ്തുത സാഹചര്യത്തിൽ, പ്രാദേശികമായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും നവകേരളം പഠനപരിപാടിയുടെ നടത്തിപ്പിനും സാമൂഹികസന്നദ്ധസേനയിൽ രജിസ്ട്രേഷൻ ഊർജിതമാക്കാൻ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എൻ.സി.സി. എൻ.എസ്.എസ് മുതലായ സംഘടനകളിൽ അംഗങ്ങളായി പ്രവർത്തിച്ചുവരുന്നവരെയും തത്പരരായ മറ്റു വിദ്യാർഥികളെയും സാമൂഹിക സന്നദ്ധ സേനാ പോർട്ടലിൽ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സൂചന പ്രകാരം അറിയിച്ചിരിക്കുന്നു.

മേൽ നിർദേശത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എൻ.സി.സി. എൻ.എസ്.എസ് മുതലായ സംഘടനകളിൽ അംഗങ്ങളായി പ്രവർത്തിച്ചുവരുന്നവരെയും തത്പരരായ മറ്റു വിദ്യാർഥികളെയും സാമൂഹിക സന്നദ്ധ സേനാ പോർട്ടലിൽ **(www.sannadhasena.kerala.gov.in)** **(https://sannadhasena.kerala.gov.in/loginnew)** രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടി

സ്വീകരിക്കണമെന്ന് എല്ലാ സ്ഥാപന മേധാവികളെയും അറിയിക്കുന്നു.

Signed by
Jayaprakash P
Date: 29-12-2025 11:35:01

**JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി